## പ്രതിവാരം

**സീതി**

# സ്കെയിൽ മതം

**എല്ലാ** വർഷത്തെയും പോലെ ഇക്കൊല്ലവും ഞങ്ങളുടെ നാട്ടിലെ ഈദ്പ്രഭാഷണം ശ്രദ്ധിക്കപ്പെട്ടത് പുതിയ കുറേ വിവരങ്ങളുടെ പേരിലായിരുന്നു. ഓരോ ഈദ് ദിനത്തിലും ഞങ്ങൾക്ക് കുറേ വിലക്കുകളും നിഷിദ്ധങ്ങളും പുതുതായി വന്നുചേരും. ഇക്കൊല്ലത്തെ വിലക്ക് എന്തെന്നല്ലേ; 'ഈദ് മുബാറക്' എന്നു പറയരുത്. റസൂലിന്റെ സുന്നത്തിലില്ലാത്തതാണ്. സലഫുകൾ പഠിപ്പിക്കാത്തതാണ്. നിങ്ങൾക്കെന്തെങ്കിലും പറയണമെന്നുണ്ടെങ്കിൽ 'തഖബ്ബലല്ലാഹു മിന്നാ' എന്ന് പറഞ്ഞേച്ചാൽ മതി- അതു തന്നെ.

കേരളീയ മുസ്‌ലിം മതമീമാംസാരംഗത്ത് തിരയടിച്ചുയരുന്ന പുതിയ പ്രവണതകളുടെ ചെറിയൊരു സാമ്പിൾ മാത്രമാണിത്. ഓരോ ദിനവും പുതിയ ബിദ്അത്തുകൾ ലിസ്റ്റ് ചെയ്യപ്പെടുന്ന പ്രതിഭാസം അടുത്ത കാലത്തായി ശക്തമായിരിക്കുകയാണ്. ബിദ്അത്തുകൾ മാത്രമല്ല, പുതിയ സുന്നത്തുകളും ചെറിയ രീതിയിൽ പരിചയപ്പെടുത്തപ്പെടുന്നുണ്ട്. പ്രസ്തുത ബിദ്അത്തുകൾ ഇല്ലായ്മ ചെയ്യുന്നതിലും സുന്നത്തുകൾ അടിയന്തരാവസ്ഥാ സ്വഭാവത്തിൽ അടിച്ചേൽപിക്കുന്നതിലും അഭിരമിക്കുകയാണ് മുസ്‌ലിം പണ്ഡിതന്മാരിലും സംഘടനാ നേതാക്കളിലും പെട്ട ചിലർ. അതിനിടയിൽ ഉണ്ടാവുന്ന പൊട്ടലും ചീറ്റലും തർക്കവിതർക്കങ്ങളും വാദമായി, പ്രതിവാദമായി, ഖണ്ഡന മണ്ഡനമായി, മൈക്കായി, മെഗാ സ്ക്രീനായി, സി.ഡി പ്രദർശനമായി ഗ്രാമങ്ങളിലും നഗരങ്ങളിലും സാഘോഷം ആനയിക്കപ്പെടുന്നു. കേരളീയ മുസ്‌ലിം ചരിത്രത്തിന്റെ ആഴമേറിയൊരു ഈടുവെപ്പായ നവോത്ഥാനം അങ്ങനെ കൊച്ചു കൊച്ചു ബിദ്അത്തുകളെയും സുന്നത്തുകളെയും ലിസ്റ്റ് ചെയ്യുന്നതിലെ മത്സരമായി പരിമിതപ്പെട്ടിരിക്കുന്നു.

സുന്നത്തുകളും ബിദ്അത്തുകളും ചർച്ചചെയ്യാൻ പാടില്ലാത്ത അപ്രസക്തമായ കാര്യങ്ങളാണ് എന്നല്ല പറയുന്നത്. മറിച്ച്, സങ്കീർണവും ബഹുസ്വരവുമായ ഒരു സാമൂഹിക സന്ദർഭത്തിൽ, ചരിത്രത്തിന്റെ ഉത്തോലകമാകാൻ നിയോഗിക്കപ്പെട്ട ഒരു സമൂഹം താടിയിൽ നടത്തേണ്ട കത്രികപ്രയോഗത്തെക്കുറിച്ച്, അത്തഹിയ്യാത്തിലെ വിരലനക്കത്തെക്കുറിച്ച്, ഈദ്നാളിലെ ആശംസാ വാചകത്തെക്കുറിച്ച്, നമസ്കരിക്കുമ്പോഴുള്ള കാലിന്റെ അകലത്തെക്കുറിച്ച് തർക്കിച്ച്, പോരടിച്ച് തോറ്റും തോൽപിച്ചും കഴിഞ്ഞുകൂടുന്നതിലെ അൽപത്തത്തെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? അകത്തും പുറത്തുമുള്ള ശത്രുക്കൾ നമ്മുടെ സാമൂഹിക-രാഷ്ട്രീയ- സാമ്പത്തിക-കുടുംബ ജീവിതങ്ങളെയാകെ ആവാഹിച്ച് ഇല്ലാതാക്കുമ്പോൾ ജിന്ന് ആവാഹിക്കുന്നതിനെക്കുറിച്ച കാൽപനിക കഥകളിലെ ഉപകഥകളെക്കുറിച്ച തർക്കങ്ങളിൽ മുഴുകുന്നതിന്റെ അർഥമെന്താണ്?

ഒരു കൂട്ടർ വടിയും വരയും സ്കെയിലുമായി ഇറങ്ങിയിരിക്കുകയാണ്. അവർ മതത്തിലെയും മുസ്‌ലിം ബഹുജന സംസ്കാരത്തിലെയും ഓരോ അംശത്തെയും ആ സ്കെയിലു കൊണ്ട് അളന്നു മുറിച്ച് തിട്ടപ്പെടുത്തും. ആ സ്കെയിലിന് അകത്തുള്ളവൻ മുസ്‌ലിം, സലഫുസ്സ്വാലിഹ്, അഖീദ ശരിയായവൻ. പുറത്തുള്ളവൻ മുബ്തദിഅ്, അഹ്‌ലുസ്സുന്നക്ക് പുറത്ത്, പരിഷ്കരിക്കപ്പെടേണ്ടവൻ. ഈ വിഭജനരീതി ഈ സമൂഹത്തെ എവിടെയാണ് കൊണ്ടെത്തിക്കുക എന്ന് ബന്ധപ്പെട്ടവർ ഗൗരവത്തിൽ ആലോചിക്കാത്തതെന്താണ്? താടിയെക്കുറിച്ചും തലമുടിയെക്കുറിച്ചും മാത്രം തർക്കിച്ച് കാലം കഴിച്ചിരുന്ന ഒരു മതകാലത്തെ 'രോമമതം' എന്ന പ്രയോഗം കൊണ്ടാണ് ബശീർ അടയാളപ്പെടുത്തിയത്. പുതിയ മതകാലത്തെ നമുക്ക് 'സ്കെയിൽ മതം' എന്നു വിളിക്കാമെന്ന് തോന്നുന്നു.

നമുക്കറിയാം, ഇന്നു കാണുന്ന സംഘടിത തറാവീഹ് പരിചയപ്പെടുത്തിയത് സ്വർഗാവകാശിയും രണ്ടാം ഖലീഫയുമായ ഉമർ(റ) ആയിരുന്നു. രണ്ട് ബാങ്ക് നമുക്ക് പരിചയപ്പെടുത്തിയത് മൂന്നാം ഖലീഫയും സ്വർഗത്തെക്കുറിച്ച് സുവാർത്തയറിയിക്കപ്പെട്ടയാളുമായ ഉസ്മാൻ(റ) ആയിരുന്നു. അത് അപ്പടി ഇപ്പോൾ വേണമോ വേണ്ടേ എന്നത് ഒരു ചർച്ച തന്നെയാണ്. പക്ഷേ അപ്പോഴും ഉയർത്താവുന്ന ചോദ്യമിതാണ്: ഇങ്ങനെ പുതിയൊരു തറാവീഹ് രീതി ആവിഷ്കരിക്കാൻ ഉമറിനും പുതിയൊരു ബാങ്ക് പരിചയപ്പെടുത്താൻ ഉസ്മാനും ധൈര്യം തന്ന ഇസ്‌ലാമിന്റെ ഒരു ചരിത്രപരത ഉണ്ടല്ലോ. സുഹൃത്തുക്കളേ നിങ്ങളെന്തിനാണ് അത് നിഷേധിക്കുന്നത്? ■